# കിട്ടാക്കടവും കിടപ്പാടവും

**കോടികൾ** വരുന്ന രണ്ട് കണക്കുകൾ സൂചിപ്പിക്കാം. സംഖ്യകൾ തമ്മിൽ വലിയ അന്തരമുണ്ടെങ്കിലും രണ്ട് കണക്കുകളുടെയും പിന്നിലെ വസ്തുതകൾ തമ്മിൽ അതിലും നിഷ്ഠൂരമായ ചില വൈജാത്യങ്ങളുമുണ്ട്. സംഖ്യകൾ ഇങ്ങനെയാണ്. ഒന്ന് 2.42 ലക്ഷം കോടി രൂപ, മറ്റൊന്ന് 2.70 കോടി രൂപ. രണ്ടും ബാങ്കിൽ തിരിച്ചടയ്ക്കേണ്ട കടങ്ങളാണ്. 2.42 ലക്ഷം കോടി രൂപയുടെ കാര്യം നോക്കാം. നരേന്ദ്രമോദി സർക്കാർ അധികാരത്തിൽ വന്ന ശേഷം കോർപ്പറേറ്റുകൾക്ക് നൽകിയ വായ്പയിൽ നിന്നും ഇന്ത്യാ രാജ്യത്തെ പൊതുമേഖലാ ബാങ്കുകൾ എഴുതിത്തള്ളിയ കടത്തിന്റെ കണക്കാണിത്. എഴുതിത്തള്ളാനുള്ള എളുപ്പത്തിന് ബാങ്കുകൾ തന്നെ ഇത്തരം സംഖ്യയ്ക്ക് വിചിത്രമായ ഒരു പേര് കണ്ടെത്തിയിട്ടുണ്ട്, 'കിട്ടാക്കടം'. കോർപ്പറേറ്റുകൾക്ക് നൽകുന്ന വായ്പകൾ തിരിച്ചുകിട്ടില്ല എന്നുറപ്പുള്ളപോലെയാണ് 'കിട്ടാക്കടം' എന്ന വാക്ക് പ്രയോഗത്തിൽ അന്തസ്സായി വിലസുന്നത്. കഴിഞ്ഞ ഏപ്രിൽ മാസത്തിൽ രാജ്യസഭ ചേർന്നപ്പോൾ ധനസഹമന്ത്രി ശിവപ്രസാദ് ശുക്ല തന്നെ സഭയെ അറിയിച്ചതാണ് ഈ കിട്ടാക്കടത്തിന്റെ കണക്ക്. വായ്പാ വിവരങ്ങൾ രഹസ്യമായി സൂക്ഷിക്കേണ്ടുന്നതിനാൽ ആരെല്ലാമാണ് ഗുണഭോക്താക്കൾ എന്ന് വെളിപ്പെടുത്താൻ കഴിയില്ലെന്ന് റിസർവ്വ് ബാങ്ക് അറിയിച്ചതായും മന്ത്രി പറഞ്ഞു. അപ്പോൾ ഇളവ് ലഭിച്ചത് ആർക്കെല്ലാമാണ് എന്ന് ചോദിച്ചാൽ കോർപ്പറേറ്റുകൾ എന്നുമാത്രം ജനം അറിഞ്ഞാൽ മതിയെന്നാണ് പണക്കുത്തകക്കാർ പറയുന്നത്. കടം തരിച്ചടയ്ക്കാത്ത പല ധനാഢ്യന്മാരും വിദേശ സുഖവാസകേന്ദ്രങ്ങളിൽ അഭയം തേടുമ്പോൾ മാത്രമേ ആ പേരുകൾ നമുക്ക് മുന്നിൽ ഇനി വെളിപ്പെട്ടുവരുകയുള്ളു. നിയമനടപടികളൊന്നും അവർക്ക് ബാധകമാകാറില്ല. പോലീസുമില്ല പട്ടാളവുമില്ല. ഇതാണ് 2.42 ലക്ഷം കോടി 'കിട്ടാക്കട'ത്തിന്റെ അവസ്ഥ.

ഇനി 2.70 കോടി കടത്തിന്റെ സ്ഥിതി നോക്കാം. തിരിച്ചടയ്ക്കാനുള്ള വായ്പാതുക തന്നെയാണ് ഇതും. കിട്ടാക്കടത്തിന്റെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത, എഴുതിത്തള്ളിയിട്ടില്ലാത്ത കടം. തിരിച്ചടയ്ക്കാനുള്ളത് നിരാലംബരായ ഒരു കുടുംബമായതിനാൽ അവർക്ക് ഇളവുകളില്ല. മാത്രമല്ല കിടപ്പാടം പോലും കവർന്നെടുത്ത് ബാങ്ക് അവരെ തെരുവിലിറക്കാൻ പോവുകയാണ്. വിദേശത്തേക്ക് മുങ്ങുന്നതിനുള്ള വഴികളറിയാത്ത സാധുക്കൾ. എച്ച്.ഡി.എഫ്.സി ബാങ്കിന്റെ കൊള്ളയ്ക്കെതിരെ നാളുകളായി സമരം ചെയ്യുന്ന എറണാകുളം ഇടപ്പള്ളി സ്വദേശിനി പ്രീത ഷാജിയുടെ അവസ്ഥയാണിത്. കടം അടയ്ക്കാത്തതിനാൽ ബാങ്ക് അവരുടെ പിന്നാലെയുണ്ട്, ഏതറ്റം വരെയും പോകാൻ സന്നദ്ധമായി. അവരുടെ കിടപ്പാടം വരെ ഈ കടത്തിന്റെ പേരിൽ ലേലത്തിൽ വച്ച് വിറ്റിരിക്കുകയാണ് എച്ച്.ഡി.എഫ്.സി ബാങ്ക്. കിട്ടാക്കാടം എന്ന പ്രയോഗം പ്രീതയുടെ കാര്യത്തിൽ ബാങ്കുകൾക്ക് ബാധകമല്ല. പ്രീതയുടെയും കുടുംബത്തിന്റെയും നിസ്സഹായാവസ്ഥയെ കണ്ടില്ലെന്ന് നടിക്കാൻ എത്ര അനായാസമായാണ് ബാങ്കിന് കഴിയുന്നത്. ഉദാരവത്കരണ നയങ്ങളുടെ ഭാഗമായി വന്ന സർഫാസി (Securitisation and Reconstruction of Financial Assets and Enforcement of Securities Interest Act, 2002) എന്ന നിയമവും ബാങ്കിന് കൂട്ടായുണ്ട്. കോർപ്പറേറ്റുകൾക്കുള്ള ഇളവുകൾ കിടപ്പാടം മാത്രമുള്ളവർക്ക് അതുകൊണ്ടുതന്നെ ബാധകമല്ല. പ്രീതയുടെ അവസ്ഥ നോക്കാം. ഒരു ബന്ധുവിനെ സഹായിക്കുന്നതിനായി 1994ൽ രണ്ട് ലക്ഷം രൂപയുടെ വായ്പയ്ക്ക് ഇടപ്പള്ളി ലോഡ് കൃഷ്ണ ബാങ്കിന്റെ ശാഖയിൽ ജാമ്യം നിന്നതാണ് പ്രീതയും കുടുംബവും. ഇതിനിടയിൽ ലോഡ് കൃഷ്ണ ബാങ്ക് സെഞ്ച്യൂറിയൻ ബാങ്കിൽ ലയിക്കുകയും പിന്നീട് സെഞ്ച്യൂറിയൻ ബാങ്ക് എച്ച്.ഡി.എഫ്.സി ബാങ്കിൽ ലയിക്കുകയും ചെയ്തു. ന്യൂജൻ ബാങ്ക് ആയ എച്ച്.ഡി.എഫ്.സി വായ്പത്തുകയുടെ തിരിച്ചടവ് വല്ലാതെ പെരുപ്പിച്ചു. അങ്ങനെയാണ് കുടിശ്ശികയടക്കം 2.70 കോടി രൂപ അടയ്ക്കണമെന്ന് ബാങ്ക് പറഞ്ഞത്. സാവകാശം തന്നാൽ കഴിയുന്നത്ര തുക അടയ്ക്കാമെന്ന് പ്രീത പറഞ്ഞിട്ടും ബാങ്ക് കേൾക്കാൻ തയ്യാറായില്ല. ഒരു നോട്ടീസ് പോലും നല്കാതെ ജാമ്യവസ്തുവായ പ്രീതയുടെ വീട് ബാങ്ക് ലേലത്തിൽ വച്ചു. ഈ അന്യായത്തിനെതിരെ പ്രതികരിക്കാൻ തന്നെ അവർ തീരുമാനിച്ചു. വീടിന് മുന്നിൽ ചിതയൊരുക്കി സമരം തുടങ്ങി. സമരം ശ്രദ്ധിക്കപ്പെട്ടു. വിഷയം നിയമസഭയിൽ ഉന്നയിക്കപ്പെട്ടപ്പോൾ ജപ്തി നടപടികൾ ഉണ്ടാകില്ലെന്ന് മുഖ്യമന്ത്രി ഉറപ്പു നൽകുകയും ചെയ്തു. ആ ഉറപ്പിന്മേലാണ് വീടിന് മുന്നിലെ സമരം പ്രീത അവസാനിപ്പിക്കുന്നത്. എന്നാൽ വീട് ലേലത്തിൽ പിടിച്ച വ്യക്തി ഹൈക്കോടതിയിൽ നിന്നും അനുകൂല ഉത്തരവ് സംഘടിപ്പിക്കുകയും അതിന്റെ പിൻബലത്തിൽ വൻ പോലീസ് സന്നാഹത്തോടെ ജപ്തി നടപടിക്ക് എത്തുകയും ചെയ്തു. സർഫാസി വിരുദ്ധ ജനകീയ മുന്നണിയുടെ നേതൃത്വത്തിൽ നടന്ന ശക്തമായ പ്രതിഷേധത്തെ തുടർന്നാണ് ജൂലായ് 9ന് ആ ഒഴിപ്പിക്കൽ നടക്കാതിരുന്നത്. പോലീസെത്തിയാൽ ആത്മഹത്യചെയ്യുന്നതിനായി പ്രീതയും ഭർത്താവും കുട്ടികളും വീടിനുള്ളിൽ മണ്ണെണ്ണയൊഴിച്ച് കാത്തുനിൽക്കുകയായിരുന്നു. കാരണം ഇത് അവർക്ക് ഒരു ജീവൻമരണ സമരമാണ്. ആകെയുള്ള കിടപ്പാടം നഷ്ടപ്പെടാൻ പോകുന്ന ആ കുടുംബത്തിന് മുന്നിൽ ഇതല്ലാതെ മറ്റ് വഴികളില്ലല്ലോ.

പ്രീതയെപ്പോലുള്ളവരുടെ അവസ്ഥ ഇതായിരിക്കുമ്പോഴും എന്താണ് ഇന്ത്യൻ ബാങ്കിംഗ് രംഗത്തെ പൊതുചിത്രം എന്ന് നോക്കാം. പൊതുമേഖലാ ബാങ്കുകളിൽ കഴിഞ്ഞ അഞ്ച് വർഷത്തിനിടെ നടന്ന തട്ടിപ്പുകളിൽ 61,000 കോടി രൂപ നഷ്ടമായിരിക്കുന്നു എന്നാണ് കണക്കുകൾ. ആകെ റിപ്പോർട്ട് ചെയ്തത് 8,670 കേസുകൾ. പഞ്ചാബ് നാഷണൽ ബാങ്കിന്റെ വ്യാജ ലെറ്റർ ഓഫ് അണ്ടർ ടേക്കിങ് ഉപയോഗിച്ച് നീരവ് മോദി എന്ന വജ്രവ്യാപാരി നടത്തിയ തട്ടിപ്പ് 21,000 കോടിയിലധികം വരുമെന്നാണ് അനുമാനം. അഞ്ച് വർഷത്തിനിടെ 389 കേസുകളിലായി 6562 കോടിയുടെ തട്ടിപ്പ് നടന്ന പിഎൻബി തന്നെയാണ് തട്ടിപ്പിൽ ഒന്നാം സ്ഥാനത്ത്. 4,473 കോടിയുടെ തട്ടിപ്പ് നടന്ന ബാങ്ക് ഓഫ് ബറോഡ, 231 കേസുകളിലായി 4,050 കോടി രൂപയുടെ തട്ടിപ്പ് നടന്ന ബാങ്ക് ഓഫ് ഇന്ത്യ എന്നിവയാണ് തൊട്ടടുത്ത സ്ഥാനങ്ങളിൽ. ഈ റിപ്പോർട്ട് ചെയ്യപ്പെട്ട തട്ടിപ്പുകളിൽ ഒരു ലക്ഷം രൂപയ്ക്ക് മുകളിലുള്ള കേസുകൾ മാത്രമേ വരുന്നുള്ളൂ എന്നതിനാൽത്തന്നെ ഇതൊന്നും സാധാരണക്കാരുടെ വായ്പകളല്ല എന്നത് വ്യക്തമാണ്.

കോർപ്പറേറ്റ്‌രാജ് എല്ലാ മേഖലകളിലേക്കും പടർന്നു കയറിയിരിക്കുന്ന ഒരു രാജ്യത്ത് ഇത് അനേകം തട്ടിപ്പുകളിൽ ഒന്നുമാത്രമാണ്. ഇതുവരെ നിലവിൽ വന്നിട്ടില്ലാത്ത, സ്വന്തമായി ഒരു ക്യാമ്പസോ കെട്ടിടമോ വെബ്സൈറ്റോ പോലും ഇല്ലാത്ത റിലയൻസിന്റെ ജിയോ ഇൻസ്റ്റിറ്റ്യൂട്ടിനെ ഇന്ത്യയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എമിനൻസിൽ ഒന്നായി യു.ജി.സിയുടെ എംപവേർഡ് എക്സ്പേർട്ട് കമ്മിറ്റി അടുത്തിടെ പ്രഖ്യാപിച്ച വാർത്ത തന്നെ നോക്കൂ. റിലയൻസ് ജിയോ സിമ്മിന്റെ പരസ്യത്തിൽ പ്രത്യക്ഷപ്പെടുന്ന ഒരു പ്രധാനമന്ത്രിയുള്ള രാജ്യത്ത് റിലയൻസിന്റെ എല്ലാ വാണിജ്യസ്ഥാപനങ്ങൾക്കും വഴിവിട്ട സഹായങ്ങൾ ലഭിക്കുന്നതിൽ അത്ഭുതപ്പെടാനില്ല. ജനം എന്തെല്ലാം കാണാനിരിക്കുന്നു. ■